പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2272 — 5.12.2018 ൽ മറുപടിയ്ക്ക്

## അംഗ പരിമിതർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റ് ഓഫീസ് സ്റ്റാഫ് പാറ്റേൺ

ചോദ്യം — മറുപടി

ശ്രീ.ഇ.കെ.വിജയൻ — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) അംഗ പരിമിതർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ ഓഫീസ് നിർവഹണത്തിനുള്ള സ്റ്റാഫ് പാറ്റേൺ സൂചിപ്പിച്ച് വിശദമാക്കാമോ; | (എ) അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറെ കൂടാതെ കമ്മീഷണറേറ്റിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.<br>1. Administrative Officer - 1 (In the rank of Deputy Secretary)<br>2. Finance Officer - 1 (In the rank of Deputy Secretary)<br>3. Section Officer - 1<br>4. UD Clerk/LD Clerk/Typist - 2<br>5. Confidential Assistant - 1<br>6. Office Attendant - 1<br>7. Driver - 1 |
| (ബി) സ്ഥിരം സ്റ്റാഫ്, ഡെപ്യൂട്ടേഷൻ സ്റ്റാഫുകളുടെ എണ്ണം വിശദമാക്കാമോ; | (ബി) കമ്മീഷണറേറ്റിൽ സ്ഥിരം ജീവനക്കാർ ഇല്ല. മേൽ പറഞ്ഞ തസ്തികകളിൽ ആദ്യത്തെ നാല് വിഭാഗത്തിലും നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലും ബാക്കി വിഭാഗങ്ങളിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിലുമാണ് ജീവനക്കാർ ജോലി ചെയ്യുന്നത്. |
| (സി) നിലവിലുള്ള സ്റ്റാഫ് ഓഫീസ് നിർവഹണത്തിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;<br>(ഡി) ഇല്ലെങ്കിൽ നിയമനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) & (ഡി)<br>അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള കമ്മീഷണറുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും നിലവിലെ സാഹചര്യത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ